കഴിവുറ്റ മെഡിക്കൽ/സയന്റിസ്റ്റുകളും അടങ്ങുന്ന 13 അംഗങ്ങളുള്ള ഒരു ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ഗവേണിംഗ് ബോഡിയുടെ ചെയർമാൻ കേരളാ മുഖ്യമന്ത്രിയും, ആരോഗ്യവകുപ്പ് മന്ത്രി വൈസ് ചെയർമാനും, ആരോഗ്യവകുപ്പ് സെക്രട്ടറി ആൾട്ടർനേറ്റ് വൈസ്ചെയർമാനുമാണ്.

(ബി) റീജിയണൽ ക്യാൻസർ സെന്ററിൽ ആകെ 501 സ്ഥിരം ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്നു. ആർ.സി.സി. ജീവനക്കാർക്ക് ഇപ്പോൾ SCTIMST -യ്ക്ക് സമാനമായ കേന്ദ്ര ഗവൺമെന്റ് നിരക്കിലുള്ള സേവന വേതന വ്യവസ്ഥകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. ആർ.സി.സി.യിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രൊപ്പോസൽ ആർ.സി.സി. ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്.

മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാർ

57 (4932). ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ആസ്ഥാനമായി മെഡിക്കൽ സർവ്വകലാശാല രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരെ നിയമിക്കുമ്പോൾ കാർഷിക സർവ്വകലാശാല ഉൾപ്പെടെ ഇതര സർവ്വകലാശാല ജീവനക്കാർക്ക് സീനിയോറിറ്റിയുടേയും വില്ലിംഗ്നെസ്സിന്റെയും അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വകലാശാലയിലേക്ക് വരുന്നതിന് ഓപ്ഷൻ സൗകര്യം നൽകുമോ ;

(ബി) ഈ സർവ്വകലാശാലയിൽ ഭരണവിഭാഗം ജീവനക്കാരുടെ എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ പുതിയ തസ്തിക (എത്രയെണ്ണം, പ്രത്യേകം പ്രത്യേകം) സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത തസ്തികകൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് രൂപീകരിച്ച് കഴിഞ്ഞിട്ടില്ല. സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി & സി) 8-12-09 ലേയും 3-2-10 ലേയും സർക്കാർ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly